"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ മതിലകം സെന്റ് ജോസഫ് എച്ച്.എസ്.എസ്-.ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിച്ചും ടി തസ്തികയിൽ 2016 മുതൽ ഗസ്റ്റ് വേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി റീഷാദാസ്.ടി.പി.-യ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.25/2026/GEDN തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:- 1. തൃശ്ശൂർ കൊടുങ്ങല്ലൂർ കോണത്ത് കുന്ന് സുന്ദരം ഹൗസിൽ ശ്രീമതി റീഷാദാസ്.ടി.പി സമർപ്പിച്ച 17.07.2025ലെ നിവേദനം.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.07.2025-ലെ എസിഡി.സി3/599/2024/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) ശ്രീമതി റീഷാദാസ്.ടി.പി.-യെ 2014-15 അധ്യയന വർഷം അനുവദിച്ച പുതിയ ബാച്ചിൽ നിയമിച്ചുവെന്നും എന്നാൽ 10 വർഷമായിട്ടും നിയമനാംഗീകാരം നൽകാതെ പലവിധ കാരണങ്ങൾ പറഞ്ഞ് അപേക്ഷ മടക്കുകയാണുണ്ടായതെന്നും 2017-18 അധ്യയന വർഷം മുതൽ സീനിയർ അധ്യാപികയുടെ 24 പിരീഡ് കഴിഞ്ഞ് 12 പിരീഡ് ഉണ്ടെന്നും 40 വയസ്സിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ കഴിഞ്ഞ 10 വർഷമായി സ്ഥിര നിയമനം പ്രതീക്ഷിച്ചു പ്രതിഫലം നോക്കാതെ ജോലി ചെയ്തുവരുന്നുവെന്നും ഇനി മറ്റൊരു ജോലി കിട്ടുകയില്ലെന്നും ആയതിനാൽ ടിയാളുടെ പ്രായവും ഇത്രയും വർഷത്തെ സേവനവും പരിഗണിച്ച് മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ മലയാളത്തിന് ഒരു ജൂനിയർ അധ്യാപക തസ്തിക സൃഷ്ടിച്ച് ടിയാളുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം

നിവേദനം സമർപ്പിച്ചു.

2) തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ അനുവദിച്ച ബാച്ചുകളിൽ ഒരു മലയാളം എച്ച്.എസ്.എസ്.റ്റി തസ്തികയാണ് അനുവദിച്ചതെന്നും എന്നാൽ വിദ്യാലയത്തിലെ 2017-18 മുതൽ 2023-24 വർഷം വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവും, ഐസിടി സെൽ ഡാറ്റയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, വിദ്യാലയത്തിൽ മേൽ വർഷങ്ങളിൽ മലയാളം ഉപഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 2017-18 വർഷം മുതൽ മലയാളം ഉപഭാഷക്ക് 36 പിരീഡുകൾ നിലനിൽക്കുന്നതിനാൽ നിലവിൽ ഉള്ള എച്ച്.എസ്.എസ്.റ്റി തസ്തികയ്ക്ക് പുറമെ ഒരു എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക കൂടി സൃഷ്ടിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 മുതൽ 2023-24 വരെ തൃശ്ശൂർ മതിലകം സെന്റ് ജോസഫ് എച്.എസ്.എസ്-ൽ മലയാളം ഉപഭാഷ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക അനുവദിക്കാനാവശ്യമായ പീരീഡുകൾ ലഭ്യമായതിനാലും കഴിഞ്ഞ പത്തു വർഷമായി പ്രസ്തുത സ്കൂളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തികയിൽ ജോലിനോക്കുന്ന ശ്രീമതി.റീഷാദാസ്.ടി.പി.-ക്ക് ഇനി മറ്റൊരു ജോലി കിട്ടുകയില്ലെന്ന വസ്തുത പരിഗണിച്ചും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-.ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, എറണാകുളം.
മാനേജർ, സെന്റ് ജോസഫ് എച്ച്.എസ്.എസ്., മതിലകം, തൃശ്ശൂർ – 680685.
ശ്രീമതി റീഷാദാസ്.ടി.പി., സുന്ദരം ഹൗസ്, കോണത്ത് കുന്ന്, കൊടുങ്ങല്ലൂർ,
തൃശ്ശൂർ.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.3597 തീയതി 11.02.2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
B Harikumar
Date: 16-02-2026 15:03:59
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-02-2026**

ഫയൽ നം. എച്ച്3/232/2025/പൊ.വി.വ. ഇനം നം: 3597

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) (മലയാളം) തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3597

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/232/2025/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05.10.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ആണ് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ബിന്ദു.ആർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.01.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ അനുവദിച്ച ബാച്ചുകളിൽ ഒരു മലയാളം എച്ച്.എസ്.എസ്.റ്റി തസ്തികയാണ് അനുവദിച്ചതെന്നും എന്നാൽ വിദ്യാലയത്തിലെ **2017-18** മുതൽ **2023-24** വർഷം വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവും, ഐസിടി സെൽ ഡാറ്റയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, വിദ്യാലയത്തിൽ മേൽ വർഷങ്ങളിൽ മലയാളം ഉപഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ **2017-18** വർഷം മുതൽ മലയാളം ഉപഭാഷക്ക് **36** പിരീഡുകൾ നിലനിൽക്കുന്നതിനാൽ നിലവിൽ ഉള്ള എച്ച്.എസ്.എസ്.റ്റി തസ്തികയ്ക്ക് പുറമെ ഒരു എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക കൂടി സൃഷ്ടിക്കാവുന്നതായി കാണുന്നുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. എച്ച്.എസ്.എസ്.റ്റി അധ്യാപകർ കൈകാര്യം ചെയ്യുന്നത് ആഴ്ചയിൽ **25** പിരീഡുകൾ വരെയാണ്. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ **2016-17** വർഷം **30** പിരീഡുകൾ ലഭ്യമായതിനാൽ ഒരു ദിവസവേതന നിയമനം അനുവദനീയമാണ്. **2017-18** മുതൽ ആകെ **36**

പിരീഡുകൾ ലഭ്യമായതിനാൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയ്ക്ക് ആവശ്യമായ 11 പീരീഡുകൾ ഉണ്ട്. 2016 മുതൽ ശ്രീമതി റീഷാദാസ്.ടി.പി.-യെ ഗസ്റ്റ് വേതന വ്യവസ്ഥയിൽ നിയമിക്കുകയും ടിയാൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരത്തോടെ 2019-20 വരെ ശമ്പളം നൽകുകയും ചെയ്തിരുന്നു. മതിയായ യോഗ്യതയുള്ളവരെ മാത്രമാണ് ഗസ്റ്റ് വേതനവ്യവസ്ഥയിലും നിയമിക്കുന്നത്. എന്നാൽ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർക്കുള്ള 3 വർഷത്തെ വയസ്സിളവ് ബാധകമാക്കുമ്പോൾ 23.05.2018- ന് ടിയാൾക്ക് 43 വയസ്സ് പൂർത്തിയായതിനാൽ തുടർന്ന് ശമ്പളം നൽകിയിട്ടില്ല. ആയതിനാൽ ടിയാൾ ശമ്പളമില്ലാതെ ജോലി ചെയ്തു വരികയാണ്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിച്ചാൽ മാത്രമേ ടിയാൾക്ക് സ്ഥിരനിയമനം നൽകാൻ സാധിക്കുകയുള്ളൂ.

4. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ 2017-18 മുതലുള്ള കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | 2017-18 | | 2018-19 | | 2019-20 | |
|---|---|---|---|---|---|---|
| Languages | XI | XII | XI | XII | XI | XII |
| Malayalam | 124 | 125 | 126 | 125 | 126 | 127 |
| Hindi | 68 | 75 | 74 | 69 | 70 | 73 |

5. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ ഇപ്രകാരം ഒരു എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിന് പ്രതി വർഷം 5,96,448/- (അഞ്ചുലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി നാൽപ്പത്തി എട്ട്) രൂപയുടെ (B.P + 9% DA) സാമ്പത്തിക ബാധ്യത ഉണ്ടകുമെന്നും പൊ.വി.ഡ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെപ്പറയും പ്രകാരമാണ്.

"സർക്കാരിന് സാമ്പത്തിക ബാധ്യത വരുന്ന പ്രൊപ്പോസൽ ആയതിനാലും നിലവിലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കാനാവില്ല എന്ന വിവരം അറിയിക്കുന്നു."

7. 2017-18 മുതൽ 2023-24 വരെ തൃശൂർ മതിലകം സെന്റ് ജോസഫ് എച്.എസ്.എസ്-ൽ മലയാളം ഉപഭാഷ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക അനുവദിക്കാനാവശ്യമായ പീരീഡുകൾ ലഭ്യമാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുള്ളതിനാലും കഴിഞ്ഞ പത്തു വർഷമായി പ്രസ്തുത സ്കൂളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തികയിൽ ജോലിനോക്കുന്ന ശ്രീമതി.റീഷാദാസ്.ടി.പി.-ക്ക് ഇനി മറ്റൊരു ജോലി കിട്ടുകയില്ലെന്ന വസ്തുത പരിഗണിച്ചും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് വാടക

വീട്ടിൽ 15 വയസ്സുള്ള മകനെ സംരക്ഷിച്ചു പഠന ചെലവും മറ്റുമായി വളരെ ബുദ്ധിമുട്ടിലാണെന്ന കാര്യം കണക്കിലെടുത്തും തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തിക സൃഷ്ടിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-.ൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കാമോ?

2. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ സൃഷ്ടിക്കപ്പെടാത്ത എച്ച്.എസ്.എസ്.റ്റി (ജൂനിയർ) (മലയാളം) തസ്തികയിൽ 2016 മുതൽ ഗസ്റ്റ് വേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി റീഷാദാസ്.ടി.പി.-യ്ക്ക് തസ്തിക സൃഷ്ടിക്കുമ്പോൾ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം പ്രത്യേക കേസായി പരിഗണിച്ച് ഉത്തരവ് തീയതി മുതൽ നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകാമോ? (24.01.2020-ലെ J2/24/2019/GEdn നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു.)

കേരള സർക്കാർ

നം.ജെ2/24/2019/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 24/01/2020

## സർക്കുലർ

വിഷയം:- പൊ.വി.വ — എയ്ഡഡ് പ്രൈമറി/ഹൈസ്കൂൾ വിഭാഗത്തിൽ ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന അദ്ധ്യാപകർക്ക്/ അനദ്ധ്യാപകർക്ക് വിവിധ സാഹചര്യങ്ങൾ പരിഗണിച്ച് വയസ്സിളവ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-3-18 തീയതിയിലെ എച്ച്2/5040/18/ ഡിജിഇ നമ്പർ കത്ത്.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ നിയമനാംഗീകാരം ലഭിക്കാതെ നിരവധി അദ്ധ്യാപകർ/അനദ്ധ്യാപകർ തുടർന്ന് വരുന്നതായും അവരിൽ ചില സവിശേഷ സാഹചര്യത്തിൽപ്പെടുന്നവർക്ക് വയസ്സിളവ് അനുവദിക്കുന്നതു ഉചിതമാകുമെന്നും ഇതു സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഇതേ വിഷയത്തിൽ പ്രത്യേകം പ്രത്യേകമായി അപ്പീലുകൾ/റിവിഷനുകൾ സർക്കാരിൽ ലഭിച്ചു വരുന്നുമുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇത്തരം അദ്ധ്യാപക/അനദ്ധ്യാപകർക്ക് നിയമനം നൽകിയപ്പോൾ ഉയർന്ന പ്രായപരിധി കഴിയാനിടയായ സാഹചര്യം വിശദമായി പരിശോധിച്ച ശേഷം ഇളവ് നൽകാനുള്ള അർഹതയുണ്ടെന്നു ബോധ്യപ്പെടുന്നപക്ഷം ഓരോ ഫയലും ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വഴി ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്ത് ഓരോ കേസിലും പ്രത്യേകം തീരുമാനമെടുക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിൽ സമാനവിഷയം കൈകാര്യം ചെയ്യുന്ന എല്ലാ സെക്ഷനുകൾക്കും നിർദ്ദേശം നല്കുന്നു.

എ. ഷാജഹാൻ
സെക്രട്ടറി

ഉപൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ